# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ./സി.10/105/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

തീയ്യതി: 11/03/2022

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ./സി.10/105/22 തീയ്യതി: 11/03/2022

## കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 04-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ.ഷിജു.എ -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഉഷ.എ -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.നിഖില.എ.എം -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുഭാഷ്.പി.പി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.ശ്രീമതി.പി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.പ്രദീപൻ തെക്കേക്കാട്ടിൽ | സെക്രട്ടറി | 01-04-2020 | 12-06-2020 |
| ശ്രീ.രമേഷ്.പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-06-2020 | 24-06-2020 |
| ശ്രീ.അശോകൻ മലപ്പിലായി | സെക്രട്ടറി | 25-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനുപമ.കെ | കൃഷി ഓഫീസർ | 01-04-2020 | 11-09-2020 |
| ശ്രീ.ഹനീഷ് | കൃഷി ഓഫീസർ | 12-09-2020 | 11-10-2020 |
| ശ്രീമതി.രാജശ്രീ.എസ് | കൃഷി ഓഫീസർ | 12-10-2020 | 31-03-2021 |
| ഡോ.ദർശന .യു | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.ചസ്മ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ.അനീഷ് കുമാർ.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി.ജിസ്മി അഗസ്റ്റിൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 30-06-2020 |
| ശ്രീമതി.സോണി.പി.ജെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-07-2020 | 31-03-2021 |
| ശ്രീ.ബാബുരാജ്.പി.ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 30-06-2020 |
| ശ്രീമതി.ജീജ.പി.സി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-07-2020 | 31-03-2021 |
| ശ്രീ.മനോഹരൻ കോളപ്രത്ത് | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീമതി.ധനലക്ഷ്മി.കെ.വി | ഹെഡ് മാസ്റ്റർ | 01-06-2020 | 31-03-2021 |
| ശ്രീ.രമേഷ്.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ഷിന്റോ അലക്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.ജെയിംസ് .കെ.സി | വി ഇ ഒ (തില്ലങ്കേരി സെക്ഷൻ) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.മിനി.സി.ജി | വി ഇ ഒ (പള്ള്യം സെക്ഷൻ) | 01-04-2020 | 31-03-2021 |

ശ്രീമതി.അശോകൻ മലപ്പിലായി -സെക്രട്ടറി ,ശ്രീമതി.ജീജ.പി.സി -അസിസ്റ്റന്റ് എഞ്ചിനിയർ ,ശ്രീമതി.രാജശ്രീ.എസ് -കൃഷി ഓഫീസർ എന്നിവരെ12.11.2020മുതൽ 20.12.2020വരെ ഭരണ നിർവ്വഹണ കമ്മിറ്റി അംഗങ്ങളായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-4 |
| 6 | പദ്ധതിഅവലോകനം<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 23-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-9 |
| 11 | ഗ്രാമസഭ<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-10 |
| 12 | വിവിധ കമ്മിറ്റികളുടെ പ്രവർത്തനം<br>Written By: Lathavani (Audit Officer, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-11 |
| 13 | ഇ ടെണ്ടർ - ടെണ്ടർ ഫീ ഈടാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-12 |
| 14 | കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-13 |
| 15 | കെട്ടിടങ്ങളുടെ ഒറ്റതവണ നികുതി അടച്ചതിന്റെ രസീതി ഹാജരാക്കിയില്ല<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: Lathavani (Audit Officer, On 24-01-2022) | 1-14 |
| 16 | പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നു.<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-15 |

| | | |
|---|---|---|
| 17 | വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-16 |
| 18 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-17 |
| 19 | മൂലധന നിക്ഷേപം കണക്കാക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-18 |
| 20 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-19 |
| 21 | എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-20 |
| 22 | ജീവനക്കാരുടെ സേവന പുസ്തകം സൂക്ഷിപ്പ് - അപാകത<br>Written By: Usha.A (Asst. Audit Officer, On 23-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-21 |
| 23 | തെരുവ് വിളക്ക് സ്ഥാപിക്കലും എ എം സിയും - അപാകങ്ങൾ<br>Written By: Usha.A (Asst. Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-22 |
| 24 | കേരള വാട്ടർ അതോറിട്ടിയുമായി നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല .<br>Written By: Usha.A (Asst. Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-23 |
| 25 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .<br>Written By: Usha.A (Asst. Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-24 |
| 26 | തരിശുരഹിത ഗ്രാമം-സമഗ്ര നെൽ കൃഷി വികസനം- രേഖകളുടേയും വിശദീകരണത്തിന്റെയും അഭാവത്തിൽ 1059842 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-25 |
| 27 | തരിശുരഹിത ഗ്രാമം-സമഗ്ര നെൽ കൃഷി വികസനം- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല .70000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-26 |
| 28 | പാലുത്പാദന ഇൻസെന്റീവ് നൽകൽ - രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല<br>Written By: Lathavani (Audit Officer, On 23-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-27 |
| 29 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-28 |
| 30 | ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.<br>Written By: Usha.A (Asst. Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-29 |
| 31 | പൊളിച്ചു മാറ്റിയ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-30 |

| | | |
|---|---|---|
| 32 | ഒഴിഞ്ഞ ടാർ ബാരലിന്റെ ജി എസ് ടി ഒടുക്ക് വിവരം ലഭ്യമാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-31 |
| 33 | തില്ലങ്കേരി ടൗണിലെ പൊതു ശൗചാലയത്തിന് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .<br>Written By: Usha.A (Asst. Audit Officer, On 23-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-32 |
| 34 | പട്ടിക ജാതിക്കാർക്ക് ലാപ്പ് ടോപ്പ് - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .<br>Written By: Usha.A (Asst. Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-33 |
| 35 | മരുന്ന് വാങ്ങൽ - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-34 |
| 36 | ഹോമിയോ മരുന്ന് വാങ്ങൽ - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-35 |
| 37 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി അപാകതകൾ<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-36 |
| 38 | കളരി പരിശീലനം -രേഖകൾ ഹാജരാക്കാത്തതിനാൽ ₹1,04,000തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-37 |
| 39 | തുല്യത പരീക്ഷയുടെ രേഖകൾ ഹാജരാക്കേണ്ടതും തുടർപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും<br>Written By: Lathavani (Audit Officer, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-38 |
| 40 | ജി എസ് ടി ടാക്സ് ഇൻവോയിസ് ലഭ്യമാക്കേണ്ടതാണ്<br>Written By: Shiju A (Asst. Audit Officer, On 28-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 4-1 |
| 2 | സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ചഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Lathavani (Audit Officer, On 21-01-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Lathavani (Audit Officer, On 21-01-2022) | 4-4 |
| 5 | വായ്പ / വായ്പതിരിച്ചടവ്<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Lathavani (Audit Officer, On 26-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Lathavani (Audit Officer, On 21-01-2022) | 4-6 |
| 7 | ഓഡിറ്റ്റിക്കവറി<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Lathavani (Audit Officer, On 21-01-2022) | 4-7 |
| 8 | സമാഹൃതഓഡിറ്റ്റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 25-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| ബജറ്റ് | | പുതുക്കിയബജറ്റ് | |
|---|---|---|---|
| ഭരണസമിതി തീരുമാനം &തിയ്യതി | 41/2020 27/03/2020 | ഭരണസമിതി തീരുമാനം& തിയ്യതി | 57/21 (2) 16/02/2021 |
| ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിതീരുമാനം നംതീയതി | 20/20 Dt 20.3.2020 | ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിതീരുമാനം നംതീയതി | 2/21 Dt 30.1.2021 |
| മുന്നിരിപ്പ് | 1045449 | മുന്നിരിപ്പ് | 0 |
| വരവ് | 116783000 | വരവ് | 125300091 |
| ആകെ | 117828449 | ആകെ | 125300091 |
| ചെലവ് | 117025500 | ചെലവ് | 124375500 |
| നീക്കിയിരിപ്പ് | 802949 | നീക്കിയിരിപ്പ് | 924591 |

ഘടകസ്ഥാപന മേധാവികളിൽ നിന്നും ലഭിച്ച ശുപാർശകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 11.2.2020ന് ചർച്ച ചെയ്യുകയും കരട് ബജറ്റിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനട്ട്സിൽ റിവൈസ്ഡ് ബജറ്റിന്റെ വിശദ വിവരം രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് പ്രസംഗം ഡോക്യുമെന്റ് ചെയ്തിട്ടില്ല. പെർഫോർമൻസ് ബജറ്റ്&ജൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ GO(Rt) 3291/16 LSGD തീയതി 2.12.2016 പ്രകാരം പുറപ്പെടുവിച്ച ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 6.5.2021ലെ 2/91/21 നമ്പർ ഭരണസമിതി തീരുമാന പ്രകാരം 2020-21 വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 07.05.2021 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

1) B-5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ Secured Loans-Loans From KURDFC എന്ന ഇനത്തിലെ നീക്കിയിരിപ്പും (₹6908275) ലോൺരജിസ്റ്ററിലെ നീക്കിയിരിപ്പും (₹6902666) തമ്മിൽ പൊരുത്തപ്പെടുന്നില്ല

2) അദർ റവന്യൂ ഗ്രാന്റ്സിൽ ആയുർവേദാശുപത്രി നിർമ്മാണ തുക 7,39,708 2019-20-ൽ ലഭിച്ചതാണ്. തുക 2020-21-ൽ I-6ൽ ഇൻകമായും I-14C-യിൽ രണ്ട് തവണ ഉൾപ്പെടുത്തി. വരവ് ചെലവ് തുകയിൽ ഇരട്ടിപ്പും വന്നിട്ടുണ്ട്.

3) സംയുക്ത പ്രോജക്ട് നീക്കിയിരിപ്പ് തുക B-4-ഉം, RP-40(b)-യും തമ്മിൽ പൊരുത്തപ്പെടുന്നില്ല. B-4-ൽ 1925981-ഉം RP 40(b)-യിൽ 1936313-ഉം (10,00,000+936313 (ട്രഷറി ഡയറക്ടർ പിൻവലിച്ചത്)) ആണ്. 2019-20-ലെ വ്യത്യാസം 10332 ആവർത്തിക്കുന്നുണ്ട്.

4) പ്രോജക്ട് (112/21)-റോഡ് ഡ്രെയിനേജ് നിർമ്മാണം ചെലവ് തുക 199983 റസീറ്റ് &പെയ്മെന്റ് പത്രികയിൽ ഷെഡ്യൂൾ RP-38-ൽ ഫിക്സഡ് അസറ്റിലും ഷെഡ്യൂൾ B-11-ൽ ഫിക്സഡ് അസറ്റിലും രേഖപ്പെടുത്തേണ്ടതിന് പകരം B-11ലെ Accumalated Depreciation Sewerages&Drainageലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് .

5)ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക ഷെഡ്യൂൾ B-18-ൽ ലോൺസ്, അഡ്വാൻസ്, ഡെപ്പോസിറ്റിൽ ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല (ഈ റിപ്പോർട്ട് ഖണ്ഡിക 4-3 കാണുക)

6) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ ₹1157242 മുൻകൂർ രജിസ്റ്ററിലെ തുകയുമായി ₹ 1494386 പൊരുത്തപ്പെടുന്നില്ല.

7)കേന്ദ്രാവിഷ്കൃതം, സംസ്ഥാനാവിഷ്കൃതം, സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

8)ജീവനക്കാരുടെ ലീവ് സറണ്ടർ തുകയുടെ വിവരങ്ങൾ RP- 11 പത്രികയിൽ കാണിച്ചിട്ടില്ല.

9)വാർഷിക ധനകാര്യ പത്രികയിലെ B-18 ൽ ഇംപ്രസ്റ്റ് തുക കാണിച്ചിട്ടില്ല

10)വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടില്ല.

11)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 10805275.30 |
| ഓഡിറ്റ് വർഷത്തെ വരവ് | 42907555 |
| ആകെ | 53712830.3 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 47011721.00 |
| നീക്കിയിരിപ്പ് | 6701109.30 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,83,842 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 92,86,943 | 92,86,943 | 86,05,696 | 681247 |
| വികസനഫണ്ട് എസ്.സി.പി | 0 | 5,98,001 | 5,98,001 | 5,94,300 | 3701 |
| വികസനഫണ്ട് 'ടി എസ് പി ' | 0 | 8,92,000 | 8,92,000 | 8,92,000 | 0 |
| മെയിന്റനൻസ് റോഡ് | 0 | 55,92,000 | 55,92,000 | 55,92,000 | 0 |
| മെയിന്റനൻസ് നോൺറോഡ് | 0 | 34,87,000 | 34,87,000 | 34,87,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് -ബേസിക് | | 0 | 70,87,823 | 70,87,823 | 47,27,106 | 23,60,717 |
| ധനകാര്യ കമ്മീഷൻ അവാർഡ് -ടൈഡ് | | 0 | 33,40,000 | 33,40,000 | 18,15,774 | 15,24,226 |
| എംജിഎൻ ആർഇജിഎസ് | ഭരണചെലവ് | 400462 | 1276836 | 1677298 | 1675660 | 1638 |
| | തൊഴിലാളി കളുടെകൂലി, സാധന സാമഗ്രികളുടെ ചെലവ് | 0 | 60649508 | 60649508 | 60649508 | |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർക്കുള്ള ബോണസ് | | | 425,000.00 | 425,000.00 | 425,000.00 | |
| ഐസിഡിഎസ് | | 1230335 | 741,276.00 | 19,71,611 | 1,400,000. | 571611 |
| ടി എസ് സി | | 665745 | 0 | 665745 | 609021 | 56,724 |
| ശുചിത്വം -PBIG | | 922392 | 1,496,667.00 | 2419059 | 1521913 | 897146 |
| പശ്ചിമ ഘട്ട വികസന പദ്ധതി | | 585318 | 18,555. | 603873 | 119 | 603754 (തിരിച്ചടച്ചു) |
| കുടിവെള്ളം | | 10,000 | 0 | 10,000 | 0 | 10,000 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- | | 12000 | 0 | 12000 | 0 | 12000 |
| കുടുംബശ്രീ | | | 818,039.00 | 818,039.00 | 0 | 818039.00 |
| വിമുക്തി | | 33460 | 0 | 33460 | 0 | 33460 |
| ഇലക്ഷൻ | | | 24,000 | 24,000 | 14,000 | 10,000 |
| കില ട്രയിനിംഗ് | | | 22,500 | 22,500 | 22,500 | |
| മൃഗ സംരംക്ഷണം | | 965 | 0 | 965 | 0 | 965 |
| സാക്ഷരത | | 36686.50 | 548.00 | 37,234.50 | 34,238.00 | 2996.50 |
| ആയുർവേദാശുപത്രി നവീകരണം | | 778042 | 0 | 778042 | 739708 | 38334 |

വികസന ഫണ്ട് -പൊതു വിഭാഗം -സാധാരണ വിഹിതം, ധനകാര്യ കമ്മീഷൻ അവാർഡ് ലഭിച്ച തുക എന്നിവ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. ആശ്രയ അഗതി രഹിത കേരളം പദ്ധതിയിലാണ് വികസന ഫണ്ട് – പൊതു വിഭാഗം – സാധാരണ വിഹിതം ഭൂരിഭാഗവും ലാപ്സായത്. അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകേണ്ടതാണ്. ആസൂത്രണം ചെയ്ത പ്രോജക്ടുകൾ നടപ്പിലാക്കാതെ ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കേണ്ടതാണ് . ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരംലഭിച്ചപ്രൊജക്ടുകൾനടപ്പാക്കിയതിന്റെവിവരംതാഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തി യാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാ ത്തവ | പൂർത്തീ കരിച്ച പ്രൊജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 132 | 55476817 | 119 | 35443982 | 104 | 15 | 13 | 78.78 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |

| ക്രമനമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 2978182 | 5 | 1441095 | 5 | 48.38 |
| 2 | വെറ്റിനറിസർജൻ | 2042300 | 6 | 1139400 | 6 | 55.79 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 2451416 | 7 | 1850612 | 7 | 75.49 |
| 4 | മെഡിക്കൽഓഫീസർ (ആയുർവേദം) | 3,20,000 | 2 | 319837 | 2 | 99.94 |
| 5 | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ( തില്ലങ്കേരി ) | 5066200 | 6 | 1961380 | 6 | 38.71 |
| 6 | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ( പള്ള്യം ) | 12,11,511 | 5 | 420934 | 2 | 34.74 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 39,04,040 | 4 | 35,24,140 | 4 | 90.26 |
| 8 | സെക്രട്ടറി | 39,86,170 | 28 | 31,17,463 | 23 | 78.20 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 2,71,39,290 | 56 | 1,99,55,338 | 53 | 73.52 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 43,19,208 | 7 | 7,81,005 | 6 | 18.08 |
| 11 | ഹെഡ്മാസ്റ്റർ, | 3,58,500 | 5 | 2,65,737 | 4 | 74.12 |
| 12 | ഡയറി ഫാം ഇൻസ്പെക്ടർ | 17,00,000 | 1 | 6,67,041 | 1 | 39.23 |
| | | 55476817 | 132 | 35443982 | 119 | 63.88 |

മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) ആയുർവ്വേദ കൃഷി ഓഫീസർ, വി.ഇ.ഒ.(തില്ലങ്കേരി), ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വെറ്റിനറി സർജ്ജൻ എന്നിവർ അടങ്കൽ വച്ച എല്ലാ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്ക് സ്പിൽ ഏവർ ഉൾപ്പെടെ 3 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. നെൽകൃഷി വികസനത്തിനായി 12.62ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയ്ക്ക് വകയിരുത്തിയ (ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചിട്ടില്ല). അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാൻ നിശ്ചയിച്ച ബഡ്സ് സ്കൂൾ പ്രവർത്തനം ഈ വർഷവും ആരംഭിക്കാത്തത് പോരായ്മയാണ് . R G S Aപഞ്ചായത്ത് ഓഫീസ് നവീകരണം പദ്ധതിയ്ക്ക് മുൻ വർഷം തയ്യാറാക്കിയ പദ്ധതി ഈ വർഷവും സ്പിൽ ഓവർ ആയി തുടരുന്നു. ഈ പദ്ധതിയ്ക്ക് വച്ച ഫണ്ട് ഈ വർഷവും ലഭിച്ചിട്ടില്ല. ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ പാലുൽപാദന സബ്ഡിഡി ഭാഗികമായി മാത്രമേ നൽകിയിട്ടുള്ളൂ.

ശ്മശാന നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി ₹ 39.65ലക്ഷം ചെലവഴിച്ചിട്ടുണ്ടെങ്കിലും ജനറേറ്റർ സ്ഥാപിച്ചിട്ടില്ല. പവർ സപ്ലൈ ഇല്ലാതിരിക്കുമ്പോൾ അടിയന്തിര ഘട്ടങ്ങളിലെ ആവശ്യത്തിനായി ജനറേറ്റർ സ്ഥാപിക്കൽ അത്യന്ത്യാപേഷിതമാണ്.
കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലഭിച്ച ₹ 50,000 വിനിയോഗിച്ച് മരുന്ന്, ഓക്സീമീറ്റർ, C F L T C-യ്ക്ക് ധനസഹായം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി വിഹിതമുപയോഗിച്ച് C F L T C ആയി പ്രവർത്തിച്ച G U PS-തില്ലങ്കേരിയ്ക്ക് അറ്റകുറ്റപണി, ജനകീയ ഹോട്ടലിന് ധനസഹായം എന്നിവ ഉൾപ്പെടെ ₹ 4.51 ലക്ഷം വിനിയോഗിച്ചിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവ് | 400462 | 1276836 | 1677298 | 1675660 | 1638 |
| തൊഴിലാളികളുടെകൂലി, സാധന സാമഗ്രികളുടെ ചെലവ് | 0 | 60649508 | 60649508 | 60649508 | |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 97,77,500 | 603 |
| വിധവാപെൻഷൻ | 98,86,700 | 643 |
| വാർദ്ധക്യകാല പെൻഷൻ | 11624900 | 827 |
| ഭിന്നശേഷി പെൻഷൻ | 36,41,200 | 242 |
| അവിവാഹിതപെൻഷൻ | 8,72,000 | 62 |
| വിവാഹധനസഹായം | 4,20,000 | 14 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-01-2022 തീയതിയിൽ 12.30 പി.എം-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5968 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

2020-21 വർഷം കോവിഡ് 19 മഹാമാരി ഭീഷണി നിലനിൽക്കുന്നതിനാൽ ഓഫീസ് മീറ്റിംഗ് പ്രതിമാസം ചേർന്നിട്ടില്ല . എന്നാൽ 11/20മുതൽ എല്ലാ മാസവും ചേർന്ന് തീരുമാനങ്ങൾ രേഖപ്പെടുത്തുന്നുണ്ട് . ഓഫീസ് ഉത്തരവുകൾ യഥാസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകളൊന്നും ഉപയോഗപ്പെടുത്തിയിട്ടില്ല. പുതുക്കി പണിത കെട്ടിടങ്ങൾ കണ്ടെത്തി വസ്തുനികുതി പരിഷ്കരിക്കുകയോ, മൂലധന നിക്ഷേപങ്ങൾക്കനുസരിച്ചുള്ള വരുമാനംകണ്ടെത്തി ലൈസൻസ് ഈടാക്കുകയോ ചെയ്യുന്നില്ല. സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള സേവന ഉപനികുതി ചുമത്തിയിട്ടില്ല.

വിവിധ വരവ് ചെലവ് രേഖപ്പെടുത്തുന്ന ഗ്രാന്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ, ലോൺരജിസ്റ്റർ, ഇൻകംമ്പൻസി രജിസ്റ്റർ മുതലായവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പഞ്ചായത്തിന്റെ അറിയിപ്പുകളും വിവരങ്ങളും ഒരേ സമയം ടെലിഫോൺ കോൾ വഴി ജനങ്ങളിലെത്തിക്കുന്നതിനും ,ജനങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുന്നതിനുമുള്ള സംവിധാനമായ സ്മാർട്ട് കോളർസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസം കഴിഞ്ഞ പണമാക്കാത്ത ചെക്കുകൾ Liabilities A.r.o Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടുണ്ട് , ആസ്തി സംരക്ഷണ പദ്ധതികൾ രൂപീകരിച്ചിട്ടില്ല .ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല
ജീവനക്കാരുടെ സേവന പുസ്തകത്തിൽ മെമ്മോറാണ്ടം ഓഫ് സർവ്വീസ് വെരിഫിക്കേഷൻ കാലികമാക്കിയിട്ടില്ല.

## 1-10 ഗ്രാമസഭ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും ഒരു തവണ വീതം മാത്രമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്. കോവിഡ് പ്രതിസന്ധി ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിനും തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്തൃലിസ്റ്റ് സാധൂകരണം തുടങ്ങിയവയാണ് പ്രധാന അജണ്ടകൾ. മികച്ച പങ്കാളിത്തം യോഗത്തിലുണ്ടായിട്ടുണ്ട്. യോഗ മിനുട്സുകളെല്ലാം എഴുതി പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമസഭാ മിനുട്സുകൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-11 വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

2020-21 വർഷത്തെ പദ്ധതി ആസൂത്രണം/ശുചീകരണം എന്നിവയ്ക്കായി ആസൂത്രണ സമിതി 7.1.2020ന് ഒരു യോഗം കൂടിയിട്ടുണ്ട്. ഈ യോഗത്തിൽ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദുരന്തനിവാരണ പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പദ്ധതി ഈ വർഷം നടപ്പിലാക്കിയിട്ടില്ല.

2020-21-വാർഷിക പദ്ധതി രൂപീകരണത്തിനായി വർക്കിംഗ് ഗ്രൂപ്പ് 7.1.2020-നുള്ള ഒരു യോഗം മാത്രമാണ് ചേർന്നത്. പിന്നീട് 2021-22പദ്ധതി രൂപീകരണത്തിനായി 28.1.2021നാണ് യോഗം ചേർന്നത്. തുടർന്നുള്ള യോഗത്തിന്റെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടില്ല. നടപ്പിലാക്കേണ്ട പദ്ധതികളുടെ പട്ടിക മാത്രമാണ് മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത് .വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന കർത്തവ്യമായ മോണിറ്ററിംഗ് ഫലപ്രദമായി നടത്തിയിട്ടില്ല .

വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി യോഗവും (7.1.2020), വികസന സെമിനാറും (10.3.2020) വൻ പങ്കാളിത്തത്തോടെ നടന്നിട്ടുണ്ടെങ്കിലും മിനുട്ട്സിൽ രേഖപ്പെടുത്തലുകളോ, സാക്ഷ്യപ്പെടുത്തലോ ഇല്ല .

പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിലുള്ള സ്റ്റിയറിംഗ് കമ്മിറ്റി 1/2021ൽ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ മിനുട്ട്സ് സാക്ഷ്യപ്പെടുത്തിയിട്ടില്ല .

08.11.2018 ൽ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ്/ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇപ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല . സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ് .

## 1-12 ഇ ടെണ്ടർ - ടെണ്ടർ ഫീ ഈടാക്കേണ്ടത്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/12.1.2022) മറുപടി ലഭ്യമാക്കാത്തതിനാൽ നാളിതുവരെയായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ അറിവായിട്ടില്ല. ക്രെഡിറ്റ് ചെയ്യാനുള്ള തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും, തുക ക്രെഡിറ്റ് ചെയ്യാത്ത പക്ഷം ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല

2014-15, 2015-16, 2016-17 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. മേൽപ്പറഞ്ഞ കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് പെർമ്മിറ്റ് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം, കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) (ഒന്നാം നില) | സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ച തറവിസ്തീർണം (ച.മീ) (താഴത്തെ നില) |
|---|---|---|---|---|---|
| 1 | 08/106 | അമ്പിളിപ്പാടൻ മനോഹരൻ | 46/14-15 02.08.14 To 01.08.17 | 48.71 | 60 |
| 2 | 10/ 35 | കണയന്നൂർ വെള്ളുവ മോഹനൻ | 54/14-15 30.09.14 To 29.09.17 | 48.72 | 54 |

| | | | | | |
|---|---|---|---|---|---|
| 3 | 8/80 | നടുക്കണ്ടി മുഹമ്മദലി | 88/16-17 06.03.16 To 05.03.19 | 92.71 | 92.4 |
| 4 | 4/41 | സി.വി. വിശ്വനാഥൻ | 189/16-17 08.03.16 To 07.03.19 | 69.52 | 75.41 |
| 5 | 1/96 | പോറുകണ്ടി നബീസു | 206/16-17 26.04.16 To 25.04.19 | 89.17 | 102.9 |
| 6 | 5/81 A | തോട്ടുങ്കര സുരേന്ദ്രൻ | 276/16-17 07.12.17 To 06.12.20 | 52.37 | 10.19 |
| 7 | 8/495 | തോട്ടുങ്കര ലക്ഷ്മണൻ | 03/17-18 28.04.17 To 27.04.20 | 69.27 | 88 |
| 8 | 8/299 | കൊട്ടാരോൻ ശിവദാസൻ | 05/17-18 28.04.17 To 27.04.20 | 101.35 | 154 |
| 9 | 13/147 | വള്ള്യോട്ടു വളപ്പിൽ പ്രേമവല്ലി | 06/17-18 04.05.17 To 03.05.20 | 62.11 | 62.05 |
| 10 | 11/180 | ഉുണേരി ദിവാകരൻ | 08/17-18 2.05.17 To 01.05.20 | 60.08 | 80.82 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 04 തീയതി 10-01-2022) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് തലത്തിൽ ക്ലർക്കുമാർ ഫീൽഡ് തല പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ ഒറ്റതവണ നികുതി അടച്ചതിന്റെ രസീതി ഹാജരാക്കിയില്ല

ജി.ഒ.(എം.എസ്) നം. 231/15/തസ്വഭവ തീയതി 9-7-15 പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ 1975ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20,2020-21 വർഷം പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം | തറവിസ്തീർണം (ച.മീ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കോമത്ത് പാറയിൽ സാബിറ | 7/27 C | 191.39 |
| 2 | കേയിന്റെ പറമ്പത്ത് രവീന്ദ്രൻ | 1/45 B | 145.81 |
| 3 | മുണ്ടയാടൻ വേണു | 11/258 B | 116.66 |
| 4 | വെള്ളുവക്കണ്ടി വിനോദ് കുമാർ | 12/98 C | 130.59 |
| 5 | ഇരിക്കുന്നേൻ വിനീഷ് | 13/153 D | 100.31 |
| 6 | പുതുശ്ശേരി നിജില | 2/253 A | 250.36 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 04 തീയതി 10-01-22) മറുപടി ലഭ്യമാക്കിയിട്ടില്ല. പുതിയതായി നമ്പർ അനുവദിക്കുന്നതിന് ഹാജരാക്കുന്ന അപേക്ഷയോടൊപ്പം ഒറ്റതവണ നികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പ് നിർബന്ധമായും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-15 പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 ഉപചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുമ്പോൾ കെട്ടിട ഉടമസ്ഥൻ അത് സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തുനികുതി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷം ഇപ്രകാരം പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൻമേൽ ചട്ടപ്രകാരമുള്ള നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് വിവരങ്ങൾ പരിശോധിച്ചതിൽ 2020-21 ഒന്നാം അർദ്ധവർഷം തന്നെ കെട്ടിടം പൊളിച്ചു കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 2020-21 വർഷത്ത ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായാണ് കാണുന്നത്.ഈടാക്കിയ നികുതി അഡ്വാൻസ് ആയും രേഖപ്പെടുത്തിയിട്ടുണ്ട്.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷ നം ,തീയതി | കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | ഈടാക്കിയ നികുതി | സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ |
|---|---|---|---|---|---|
| 1 | എ4/1395/20 05/06/20 | 4/257 | കൊറോത്ത് സുധീർ ബാബു | 24 | 2020 -21 ഒന്നാം അർദ്ധവർഷം കെട്ടിടം പൊളിച്ചു കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2020-21 വർഷത്തെ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. ബാലൻസിൽ അധികം തുക അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് |
| 2 | എ4/2144/20 07/09/20 | 5/272 | സി.ദാമോദരൻ | 20 | |
| 3 | എ4/1548/20 03/07/20 | 5/49 | രാജേഷ്.ഇ | 15 | |
| 4 | എ4/1821/20 24/07/20 | 7/250 | അക്കരമ്മൽ മൊയ്തീൻ | 24 | |
| 5 | A4/144/21 08/01/21 | 13/197 | കെ.കുഞ്ഞിപ്പാർവതി | 20 | |
| 6 | A4/135/21 08/01/21 | 13/151 | പുതിയ വീട്ടിൽ മാധവി | 21 | |
| 7 | A4/63/21 05/01/21 | 1/10 | പറമ്പൻ ലത | 29 | |
| 8 | A4/3610/20 31/12/20 | 1/269 | നരിക്കോടൻ മനോഹരൻ | 20 | |

| | | | | |
|---|---|---|---|---|
| 9 | A4/3287/20<br>02/12/20 | 1/250 | പങ്കജാക്ഷി എം. വി | 24 |
| 10 | A4/3322/20<br>04/12/20 | 4/22 | എടച്ചേരി കുഞ്ഞികൃഷ്ണൻ | 14 |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി 12-01-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥത്തിൽ തൻവർഷത്തെ ഡിമാന്റ്, കലക്ഷൻ ആയി രേഖപ്പെടുത്തേണ്ട തുക ഡിമാന്റിൽ നിന്നും ഒഴിവാക്കി അഡ്വാൻസ് ആയി രേഖപ്പെടുത്തിയത് ശരിയായ നടപടിയല്ല. ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിച്ച് തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2020-21 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഇളവ് നൽകിയ വർഷം |
|---|---|---|---|
| 1 | 3/11 | എൻ.മദൻ കുമാർ | 2020-21 |
| 2 | 3/212 | എൻ.വി രാജീവൻ | 2020-21 |
| 3 | 3/287 | പുതിയ വീട്ടിൽ മാവിലാൻ ചന്ദ്രബാനു | 2020-21 |
| 4 | 3/296 | പുത്തൻ വീട്ടിൽ ഭാസ്കരൻ | 2020-21 |
| 5 | 4/44 | പട്ടുവിലാൻ മനോഹരൻ | 2020-21 |
| 6 | 4/61 | പി.എം. ശോഭന | 2020-21 |
| 7 | 4/149 A | പട്ടുവിലാൻ ബിജോയ് | 2020-21 |
| 8 | 4/153 | കെ.പി. രാമചന്ദ്രൻ | 2020-21 |
| 9 | 5/304 | എം.വി. അമ്മാളു അമ്മ | 2020-21 |
| 10 | 6/44 A | എം.വി. ബിന്ദു | 2020-21 |
| 11 | 6/143 | പി. സി നാരായണൻ നായർ | 2020-21 |
| 12 | 9/75 | കുന്നൻ പത്മരാജൻ | 2020-21 |
| 13 | 10/2 | കൊഴക്കുന്നേൻ ഗംഗാധരൻ | 2020-21 |
| 14 | 10/23 | കൊയിലോടൻ ലക്ഷ്മണൻ | 2020-21 |
| 15 | 10/196 | പി.വി വത്സൻ | 2020-21 |

| | | | |
|---|---|---|---|
| 16 | 11/326 | വലിയ വീട്ടിൽ പ്രഭാകരൻ നമ്പ്യാർ | 2020-21 |

അപാകങ്ങൾക്ക് മറുപടി നൽകാൻ വേണ്ടി നൽകിയ ഓഡിറ്റ്_എൻക്വയറിക്ക് (നമ്പർ 11/20-21 തീയതി 11/01/22 മറുപടി ലഭ്യമാക്കിയിട്ടില്ല. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവരിൽ നിന്നും ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-17 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

തില്ലങ്കേരി പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100m2 വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 699 |
| 2 | 100m2 മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 57 |
| 3 | 200m2 മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 22 |
| 4 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ, അസംബ്ലി കെട്ടിടം തുടങ്ങിയവ | 1 |
| 5 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്,കയർപിരി ഷെഡ് | 21 |
| 6 | ഇതര വ്യവസായങ്ങൾക്കുള്ളവ | 17 |
| | ആകെ | 817 |

നാളിതുവരെ തില്ലങ്കേരി പഞ്ചായത്തിൽ ആകെ 5650 സ്ഥാപനങ്ങൾക്ക് ആണ് കെട്ടിട നമ്പർ നല്കിയിരിക്കുന്നത്, ഇതിൽ വാണിജ്യാവശ്യങ്ങൾക്കായി 817 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2020-21 വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 817 കെട്ടിടങ്ങളിൽ 198 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ബാക്കിയുള്ള 619 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. ആകെ കെട്ടിട നമ്പർ അനുവദിച്ചതിന്റെ 24% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര – വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 76% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.06/10.01.2022) ലഭ്യമാക്കിയ മറുപടിയിൽ മിക്ക കെട്ടിട മുറികളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-18 മൂലധന നിക്ഷേപം കണക്കാക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ &

ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/ പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ലാതെയും അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയുമാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ച് ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

1. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ചട്ടപ്രകാരം ഈടാക്കേണ്ട പരമാവധി ഫീസിനത്തിൽ ഏറ്റവും കുറഞ്ഞ നിരക്കായ 500 രൂപയിലും കുറവ് തുകയാണ് ഈടാക്കിയത്.

| ക്രമ നം. | ഉടമയുടെ പേര് | കെട്ടിട നം/ സംരംഭം | ഈടാക്കിയ ഫീസ്(₹) / രശീത് നം. | കുറവ് വന്ന തുക ഈടാക്കിയത്(₹)/രശീത് നം/തിയ്യതി |
|---|---|---|---|---|
| 1 | ഗണപതിയാടൻ രാജീവൻ | 8/414 | 300 119030103970/27.02.20 | 200രൂപ രസീത് നം.121030103419/12.01.22 പ്രകാരം അടവാക്കി |
| 2 | മധുസൂദനൻ. പി. കെ | 8/501 | 200 119030124014/28.02.20 | 300രൂപ രസീത് നം.121030103410/12.01.22 പ്രകാരം അടവാക്കി |
| 3 | എം.അബ്ദുൾ ഖാദർ | 8/528 | 200 12003010089/10.06.20 | 300രൂപ രസീത് നം.121030103411/12.01.22 പ്രകാരം അടവാക്കി |
| 4 | ബീന | 5/132 J | 300 120030104242/25.03.21 | 200രൂപ രസീത് നം.121030103414/12.01.22 പ്രകാരം അടവാക്കി |
| 5 | ജിഗീഷ്. വി | 5/13 | 200 120030102057/02.12.20 | 300രൂപ രസീത് നം.121030103418/12.01.22 പ്രകാരം അടവാക്കി |
| | ആകെ | | | 1300 |

സ്ഥാപനങ്ങളിൽ നിന്ന് ചട്ടപ്രകാരം ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ ഫീസായ 500/- രൂപയിലും കുറഞ്ഞ തുക ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (1/10.01.21) മറുപടിയായി അഞ്ഞൂറ് രൂപയിൽ കുറവ് ഈടാക്കിയ മേൽ സംരംഭകരിൽ നിന്ന് ബാക്കി തുക ഈടാക്കി വിശദാംശങ്ങൾ ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസുമാണ് സംരംഭകരിൽ നിന്നും ഈടാക്കേണ്ടത്. ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ച് ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ലൈസൻസ് പുതുക്കൽ, പുതിയ ലൈസൻസ് അപേക്ഷ, വിറ്റുവരവ്, മൂലധനനിക്ഷേപം, തീയതി തുടങ്ങിയ കോളങ്ങൾ പല അപേക്ഷകളിലും പൂരിപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പു വരുത്തി ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-19 ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്തീരാജ് വകുപ്പ് 232, 2012-ലെ കേരള പഞ്ചായത്തീരാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഫോറം 3 ൽ നൽകുന്ന ലൈസൻസ് കൂടാതെ ഫാമുകൾ നടത്തുന്നത് അനുവദനീയമല്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ(ഫോറം 6) പഞ്ചായത്ത് പരിധിയിൽ ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ | കെട്ടിട | ഉടമയുടെ | കെട്ടിട | ഉപയോഗ ക്രമം |
|---|---|---|---|---|

| നം. | പേര് | നം. | |
|---|---|---|---|
| 1 | ഷാജി.കെ.ദിവാകരൻ | 3/58 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 2 | ചെക്യാട്ട് നബീസു | 9/33 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 3 | സെക്രട്ടറി, പൗൾട്രി ഫാം | 12/57 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 4 | സദാനന്ദൻ. പി.കെ | 11/39 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 5 | പത്മാവതി അമ്മ | 12/234 B | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |
| 6 | നെല്ലിയോടൻ കമലമ്മ | 13/17 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 7 | ഏ. കെ സഫിയ | 13/229 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 8 | പുതിയ വീട്ടിൽ ഗോവിന്ദൻ | 13/251 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 9 | കളത്തിലെ വീട്ടിൽ പ്രമോദ് | 13/264 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 10 | പി.പി മനോജ് കുമാർ | 13/269 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 11 | ഷമീല ബഷീർ | 13/285 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 12 | പാറായിക്കണ്ടി പൊത്തോൻ മനോജ് കുമാർ | 13/271 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |

| | | | |
|---|---|---|---|
| 13 | പാറായിക്കണ്ടി പൊത്തോൻ മനോജ് കുമാർ | 13/270 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 14 | വെള്ളുവക്കണ്ടി അനൂപ് | 13/176 C | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 15 | സി.കെ.അബ്ദുൾ ഹമീദ് | 13/282 A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |
| 16 | കൊയിലോട ഷംസിയ | 3/58 A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 17 | അനൂപ്. വി. കെ | 13/176 C | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 18 | വണ്ണാങ്കണ്ടി അനിൽ | 11/ | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ എത്ര ഫാമുകൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നും ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും 10.01.2022 ലെ ഓഡിറ്റ് അന്വേഷണം നം.5/20-21 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് ക്രമ നമ്പർ 1,10, 16, 17, 18 ഉൾപ്പെട്ടവർ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടുണ്ടെന്നും, ക്രമ നമ്പർ 2 മുതൽ 9 വരെയും, ക്രമ നമ്പർ 11 മുതൽ 15 വരെയും 2020-21 സാമ്പത്തിക വർഷം പ്രവർത്തനം നിർത്തി വെച്ചിരിക്കുകയാണെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ മറുപടിയിൽ പറഞ്ഞ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ പരിശോധിച്ചപ്പോൾ പ്രവർത്തനം നിർത്തി എന്ന് അവകാശപ്പെടുന്ന ഫാമുകളിൽ നിന്നെല്ലാം വസ്തു നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. കൂടാതെ ഈ ഫാമുകൾ പ്രവർത്തനം നിർത്തി എന്നതിന്റെ യാതൊരുവിധ രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ടി ഫാമുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഇവ പ്രവർത്തനം ഉടരുന്നുണ്ടെങ്കിൽ അടിയന്തരമായി ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) ,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷത്തെ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ലാത്ത സംഗതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ | സ്ഥാപന | ജീവനക്കാരുടെ | കെട്ടിട നമ്പർ |
|---|---|---|---|

| നം. | ഉടമയുടെ പേര് | എണ്ണം | /സംരംഭം |
|---|---|---|---|
| 1. | ഫൽഗുണൻ. ടി. കെ | 2 | 10/194<br>ടൂ വീലർ റിപ്പയറിംഗ് |
| 2. | സതീഷ്. പി. കെ | 4 | 3/257 B<br>സിമന്റ് വില്പന |
| 3. | ഡോ: ജസീറ ചോലയിൽ | 2 | 8/381 E F<br>ഡന്റൽ ക്ലിനിക്ക് |
| 4. | ഷോപ്പ് മാനേജർ | 2 | 8/441-444<br>സപ്ലൈകോ സൂപ്പർ മാർക്കറ്റ് |
| 5. | പ്രകാശ്. ആർ | 3 | 4/196, 197<br>സ്റ്റേഷണറി |
| 6 | ചോയൻ രൂപേഷ് | 2 | 3/121 B<br>കംപ്യൂട്ടർ ഓൺലൈൻ സർവീസ് |
| 7 | അസ്കർ. കെ | 2 | 2/90 A<br>പലചരക്ക് |
| 8 | ജിതിൻ. കെ. പി | 2 | 8/439<br>ജൻസ് വേർ ഷോപ്പ് നടത്തുന്നതിന് |
| 9 | സന്തോഷ്. ജെ. പി | 2 | 1/230 A B<br>പലഹാരം നിർമാണം |
| 10 | ദിവ്യ സതീഷ് | 5 | 2/90 G<br>ഹിന്ദുസ്ഥാൻ യൂണി ലിവറിന്റെ സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വില്പന |
| 11 | സുധീർ കുമാർ. വി. പി | 3 | 10/106<br>ഫർണിച്ചർ നിർമാണം |
| 12 | വെങ്ങിണിശ്ശേരി കുഞ്ഞിരാമൻ | 2 | 11/149<br>പൊതുവിതരണ കേന്ദ്രം |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/10.01.22 ) നല്കിയ മറുപടിയിൽ സ്ഥാപനങ്ങളിൽ ഒരാൾ മാത്രമെ ജോലി ചെയ്യുന്നുള്ളൂ എന്നും അപേക്ഷയിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. 2020-21 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത മേല്പറഞ്ഞ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ജീവനക്കാരുടെ സേവന പുസ്തകം സൂക്ഷിപ്പ് - അപാകത

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സേവനപുസ്തകം പരിശോധന നടത്തിയപ്പോൾ സേവനപുസ്തകത്തിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഒരു ജിവനക്കാരന്റെയും സേവനപുസ്തകത്തിലെ Memorandum Of History Of Verification Of Service എന്ന പേജിൽ സർവ്വീസ് വെരിഫൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഹിസ്റ്ററി ഓഫ് വെരിഫിക്കേഷൻ ഓഫ് സർവ്വീസ് പേജിൽ ഇക്കാര്യം രേഖപ്പെടുത്തുന്നുണ്ട്. അതിനാൽ എല്ലാ ജീവനക്കാരുടെയും സേവന പുസ്തകത്തിലും Memorandum Of History Of Verification Of Service എന്ന് പേജിൽ അതാത് വർഷം സർവ്വീസ് വെരിഫൈ ചെയ്തതായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ് .

## 1-22 തെരുവ് വിളക്ക് സ്ഥാപിക്കലും എ എം സിയും - അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 102/21 (സ്പിൽ ഓവർ) |
| അടങ്കൽ | 199440 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 199440 |
| ബിൽ നമ്പർ,തിയതി | 19220652010101577365,11.4.2020 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കേടായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്.
ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ശ്രീ.ശ്രീലേഷ്, എലൈറ്റ് ഇലക്ട്രിക്കൽസ് എന്നയാളാണ് പ്രവൃത്തി ടെൻഡർ എടുത്തത്. കരാറുകാരനുമായി സെക്രട്ടറി കരാർ വെച്ചിട്ടുണ്ട്. (നം10/20-21/26.2.20) എന്നാൽ എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യേണ്ടത്, എത്ര തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യേണ്ടതുണ്ട്, ഏതൊക്കെ തരം ബൾബുകളാണ് മാറ്റിയിടേണ്ടത് എന്നിവ സംബന്ധിച്ച വിവരങ്ങൾ എഗ്രിമെന്റിൽ എഴുതിച്ചേർത്തിട്ടില്ല.

2)കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല .

3)ടെണ്ടർ അംഗീകരിച്ച ശേഷം കരാറുകാരനായ ശ്രീലേഷിന് സെക്രട്ടറി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. (നം.A3-579/20/20.2.20) എന്നാൽ ഇതിൽ റിപ്പയർ ചെയ്യേണ്ട ബൾബുകളുടെ വിശദാംശങ്ങൾ ചേർത്തിട്ടില്ല .

4) 13 വാർഡുകളിലായി 277 തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതിന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരം കരാറുകാരന് 199440രൂപ നൽകിയിട്ടുണ്ട്. എ എം സി പ്രകാരമുള്ള ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറയ്ക്ക് മൂന്ന് മാസം കൂടുമ്പോൾ നൽകേണ്ടതാണ്. എന്നാൽ മുഴുവൻ തുകയും ഒന്നിച്ച് നൽകുകയാണ് ചെയ്തത്.

5)തെരുവ് വിളക്കുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്ന പരാതി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല .

6)ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല .

7)പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല .
ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി -29/17.1.22) ഒരു വർഷത്തെ റിപ്പയർ പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷമാണ് ബിൽ സമർപ്പിച്ചതെന്നും ആയതിനാലാണ് ഒറ്റ തവണയായി തുക അനുവദിച്ചതെന്നും റിപ്പയർ പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ ചൂണ്ടികാട്ടിയ അപാകങ്ങൾ പരിഹരിക്കേണ്ടതും സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതുമാണ്. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് .

## 1-23 കേരള വാട്ടർ അതോറിട്ടിയുമായി നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല .

2020-21 വർഷം തെരുവ് കുടിവെള്ള ടാപ്പുകളുടെ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 9 ടാപ്പുകൾക്കായി 3938 രൂപ അടവാക്കുന്നുണ്ട് . പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണോ തുക ഒടുക്കുന്നതെന്ന് പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/21.1.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന റിപ്പോർട്ട് ഹാജരാക്കേണ്ടതാണ് .

## 1-24 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | 56/21 (ഐ കെ എം വിഹിതം |

| | |
|---|---|
| നമ്പർ/ പേര് | നൽകൽ) |
| അടങ്കൽ | 20000 |
| ചെലവ് | 20000 |
| ബിൽ നമ്പർ,തിയതി | 20220652010100652034,22.10.2020 |

ഐ.കെ.എം. ന് നൽകാനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം മേൽ സൂചിപ്പിച്ച പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ - 57047023512) കൈമാറിയിട്ടുണ്ട്. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28 / 17.1.22) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-25 തരിശുരഹിത ഗ്രാമം-സമഗ്ര നെൽ കൃഷി വികസനം- രേഖകളുടേയും വിശദീകരണത്തിന്റെയും അഭാവത്തിൽ 1059842 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |
| പ്രോജക്ട് പേര് /നമ്പർ | 19/21 തരിശുരഹിത ഗ്രാമം- സമഗ്ര നെൽ കൃഷി വികസനം |
| അടങ്കൽ | 677342 (വികസന ഫണ്ട്)<br>382500(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>825142 ( ഗുണഭോക്തൃ വിഹിതം) |
| ആകെ അടങ്കൽ | 1884984 |
| ചെലവ് | 677342 (വികസന ഫണ്ട്)<br>382500(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പർ/തീയതി/തുക | 4/21,21.1.21 ₹ 151200<br>20220652010601189818,4.3.21 ₹382500<br>7/21,23.2.21 ₹ 294100<br>5/21 ,23.1.21 ₹232042 |

45 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 10 പാടശേഖര സമിതികളിൽ ഉൾപ്പെട്ട കർഷകർക്ക് പാടശേഖരം ഒരുക്കുന്നതിനുള്ള കൂലിച്ചെലവും കുമ്മായം, രാസവളം എന്നിവയും സബ്സിഡി നിരക്കിൽ അനുവദിച്ചിട്ടുണ്ട് . കൃഷി ചെയ്യുന്നിനുള്ള നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിരിക്കുന്നു .

പദ്ധതി നിർവഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട് .

1 . KSSDA യിൽ നിന്നും 3600 കിലോ ഉമ നെൽ വിത്ത് ബിൽ നമ്പർ - 898 /20-21,12.10.2020 പ്രകാരം വാങ്ങിയിട്ടുണ്ട്. നെൽവിത്തുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയോ അവ കർഷകർക്ക് വിതരണം ചെയ്തതിന്റെയോ വിവരം ലഭ്യമാക്കിയിട്ടില്ല .

2. സബ്സിഡി തുക പാടശേഖരസമിതികളുടെ അക്കൗണ്ടുകളിലേക്കാണ് അനുവദിച്ചിട്ടുള്ളത്. കൃഷിക്കാർ തുക കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല .

3. പാടശേഖര സമിതികൾ കുമ്മായം, രാസവളം എന്നിവ കൃഷിക്കാർക്ക് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല .

4. പാടശേഖര സമിതികൾ രജിസ്ട്രേഷൻ പുതുക്കിയതിന്റെ വിവരമോ, അപേക്ഷകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൃഷിഭൂമിയുടെ വിസ്തൃതി പരിശോധിക്കുന്നതിന ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല .

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 30/17.1.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക 1059842 രൂപ തടസ്സപ്പെടുത്തുന്നു . അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 തരിശുരഹിത ഗ്രാമം-സമഗ്ര നെൽ കൃഷി വികസനം- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല .70000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ , പേര് | 97 /20-21 (സ്പിൽ ഓവർ )<br>തരിശുരഹിത ഗ്രാമം-സമഗ്ര നെൽ കൃഷി വികസനം |
| അടങ്കൽ | വികസന ഫണ്ട്-420<br>ജില്ലാ പഞ്ചായത്ത് വിഹിതം - 70000<br>ഗുണഭോക്തൃ വിഹിതം-617325 |
| ആകെ അടങ്കൽ | 687745 |
| ചെലവ് | 70000 |
| ബിൽ നമ്പർ/തീയതി | 000000792392760/ 04.06.2020 |

ജില്ലാ പഞ്ചായത്ത് വിഹിതമായി 70000 രൂപ ചെലവഴിച്ചിട്ടുണ്ട് . ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ - 30/17.1.22). ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 70000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ് .

## 1-27 പാലുത്പാദന ഇൻസെന്റീവ് നൽകൽ - രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ട് | ക്ഷീര കർഷകർക്ക് പാലുത്പാദന ഇൻസെന്റീവ് |
| പ്രോജക്ട് നം | 87/21 |
| അടങ്കൽ | 3,00,000 – വികസന ഫണ്ട്- പൊതു വിഭാഗം -സാധാരണ വിഹിതം<br>4,00,000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>10,00,000-ജില്ലാ പഞ്ചായത്ത് വിഹിതം<br>--------<br>ആകെ 17,00,000/- |
| ചെലവ് | 3,00,000 - വികസന ഫണ്ട്- പൊതു വിഭാഗം -സാധാരണ വിഹിതം<br>3,67,041-ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | -----------<br>ആകെ – 6,67,041/- |
| ബിൽ നമ്പർ/തീയതി, തുക | 1/17.3.21 – 136719<br>2/17.03.21 – 80762<br>3/18.03.21 – 82519<br>4/26.3.21 – 110834<br>5/26.3.21 – 256207<br>ആകെ 667041/- |

പടിക്കച്ചാൽ, പുന്നാട്, തില്ലങ്കേരി, ഉരുവച്ചാൽ ക്ഷീരോത്പാദക സംഘത്തിൽ 1.4.2020 മുതൽ 31.12.2020വരെ പാലളന്ന ക്ഷീര കർഷകർക്ക് @3 /ലിറ്ററിന് പാലുത്പാദന ഇൻസെന്റീവ് നൽകിയ വകയിൽ 6,67,041 ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതു കൊണ്ട് മുഴുവൻ ക്ഷീര കർഷകർക്കും അർഹമായ ഇൻസെന്റീവ് നൽകിയിട്ടില്ല. ഓരോ ഗുണഭോക്താവും ആകെ കൈപ്പറ്റിയ തുക, ബാക്കി കിട്ടാനുള്ളത് എന്നിവ തയ്യാറാക്കിയതിന്റെ രേഖകൾ, പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, കാഷ്ബുക്ക്, സബ്സിഡിയറി കാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല

2021-22ൽ സ്പിൽ ഓവറായി പ്രോജക്ട് തയ്യാറാക്കി, ലഭ്യമായ ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ബാക്കിയുള്ള 59 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (16/12/1/2022) മറുപടി നൽകിയത്. ഓരോ ഗുണഭോക്താവിനും അർഹമായ സബിസിഡി തുക, അനുവദിച്ച തുക, ബാക്കി ലഭിക്കാനുള്ളത് എന്നീ പത്രികയും മേൽ പറഞ്ഞ രജിസ്റ്ററുകളും രേഖകളും തയ്യാറാക്കി ഹാജരാക്കേണ്ടതാണ്.

## 1-28 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 8/21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 562500 വികസന ഫണ്ട്<br>562500 ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ |
| ആകെ അടങ്കൽ | 1125000 |
| ചെലവ് | 562500 |
| ബിൽ നമ്പർ, തീയതി, തുക | P7/20-21, 10.11.20 ₹562500 |

മേൽ പ്രൊജക്ട് പ്രകാരം 12500/- രൂപ വീതം 45 ഗുണഭോക്താക്കളുടെ സബ്സിഡി തുക ₹562500 എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ-12/11.1.2022)

## 1-29 ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

പെർമ്മിറ്റ് രജിസ്റ്റർ, എഫ് ടി ഇ എ ഓ എസ് (FTEAOS) ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, ഡെയ്‌ലി കളക്ഷൻ രജിസ്റ്റർ, വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ, എന്നിവ കൃത്യമായ രേഖപ്പെടുത്തലോടെ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. എന്നാൽ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ അപാകതയുണ്ട്.

1) പ്രോജക്ട് രജിസ്റ്റർ - പദ്ധതികൾ സംബന്ധിച്ച ഒരു പ്രോജക്ട് രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥന്മാർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. പദ്ധതിക്ക് എ.സി.ആർ പ്രകാരം വകയിരുത്തിയ തുകയും ആയതിന്റെ ചെലവും ബിൽ സംബന്ധമായ വിവരവും ആയതിൽ രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്ന

അസിസ്റ്റന്റ് സെക്രട്ടറി, കൃഷി ഓഫീസർ , വെറ്ററിനറി സർജൻ , മെഡിക്കൽ ഓഫീസർ , ഐ സി ഡി എസ് സൂപ്പർവൈസർ എന്നിവർ ആരും തന്നെ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അടിയന്തരമായി മേൽ പറഞ്ഞ രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ബിൽ രജിസ്റ്റർ- പഞ്ചായത്തിൽ 2019-20 വർഷത്തിൽ ബിൽ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല . 2020-21 വർഷം 6/ 2020 മാസം മുതലാണ് എഴുതി തയ്യാറാക്കിയിട്ടുള്ളത് . പഞ്ചായത്തിലെ ദൈനംദിന ചെലവുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

3) അനധികൃത നിർമ്മാണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല . ക്രമവൽക്കരണ രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല .

4) കേന്ദ്ര /സംസ്ഥാന സർക്കാർ വിഹിതം, സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ടുകൾ എന്നിവയുടെ വിനിയോഗ വിവരം രേഖപ്പെടുത്തുന്നതിനുള്ള ഗ്രാന്റ് രജിസ്റ്റർ (ACR) സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വേളയിൽ ആവശ്യപ്പെട്ടപ്പോൾ രജിസ്റ്റർ തയ്യാറാക്കി ഹാജരാക്കിയെങ്കിലും, രേഖപ്പെടുത്തിയ വിവരങ്ങൾ പൂർണ്ണമല്ല;

രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് .

## 1-30 പൊളിച്ചു മാറ്റിയ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

(1)

| | |
|---|---|
| പ്രോജക്റ്റ് നം. | 120/21 |
| പ്രോജക്റ്റ് | പെരിങ്ങാനം ഗവണ്മെന്റ് എൽ. പി. സ്കൂൾ നവീകരണം |
| അടങ്കൽ. | ₹500000<br>(25000 (ധനകാര്യ കമ്മീഷൻ ഗ്രാൻഡ് )<br>475000(മെയിന്റനൻസ് ഫണ്ട്. റോഡിതരം ) |
| ചിലവ്. | 482223 |
| ബിൽ ന. | 555045/25/9/20- ₹475000 (മെയിന്റനൻസ് ഫണ്ട്. റോഡിതരം) |
| | 555049/25/9/20- ₹7223 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| എം ബുക്ക് നം. | 02/20 |

മേൽ പ്രോജക്ട് നിർവ്വഹിക്കുമ്പോൾ പൊളിച്ചു മാറ്റിയ വസ്തുക്കളിൽ ഉപയോഗപ്രദമായവ, വിൽപ്പന മൂല്യം ഉള്ളവ എന്നിവ സ്റ്റോക്ക് ചെയ്തതിന്റെയോ വിൽപ്പന നടത്തിയതിന്റെയോ രേഖകൾ ഓഡിറ്റിനു ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം വിവരണം | അളവ് | എം.ബുക്ക് നമ്പർ/പേജ് നമ്പർ | ഇനം നമ്പർ |
|---|---|---|---|
| Dismantling Roofing Including Ridges, Hips, Valleys Etc. | 50.40 M2 | 02/20 പേജ് നമ്പർ 2 | (4) |
| Dismantling Steel Work Manually / By Mechanical Means | 216.768 Kg | 02/20 പേജ് നമ്പർ 1 | (3) |

(2)

| | |
|---|---|
| പ്രൊജക്റ്റ് നം. | 131/21 |
| പ്രൊജക്റ്റ് | തില്ലങ്കേരി വയോജന വിശ്രമ മന്ദിരം അറ്റകുറ്റപ്പണി |
| അടങ്കൽ. | 540000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചിലവ്. | 5,26,874 |
| എം ബുക്ക് നം. | 21(1) (2)/18-19 |
| ബിൽ നം &തീയതി | 1185267/31/1/20- |

മേൽ പ്രവൃത്തിയിൽ പൊളിച്ച് മാറ്റിയ വസ്തുക്കളിൽ ഉപയോഗപ്രദമായവ, വിൽപ്പന മൂല്യം ഉള്ളവ എന്നിവ സ്റ്റാക്ക് ചെയ്തതിന്റെയോ വിൽപ്പന നടത്തിയതിന്റെയോ രേഖകൾ ഓഡിറ്റിനു ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം വിവരണം | അളവ് | എം.ബുക്ക് നമ്പർ/പേജ് നമ്പർ | ഇനം നമ്പർ |
|---|---|---|---|
| Dismantiling Brick വർക്ക് Manually/ Mechanical Means | 5.157m3 | 21(1/18-19 പേജ് നമ്പർ 1 | (1) |
| Dismantiling RCC Work By Mechanical Means | 1.036m3 | 21(1)/18-19 പേജ് നമ്പർ 2 | (2) |
| Dismantiling Roofing Including Ridges, Hips, Valleys | 52.938m2 | 21(1)/18-19 പേജ് 3 | (3) |

മേൽപ്രസ്താവിച്ച വസ്തുക്കൾ കൃത്യമായി അളവുകൾ രേഖപ്പെടുത്തി സ്റ്റാക്ക് ചെയ്യുകയും വിൽപ്പന മൂല്യം ഉള്ളവ ലേലം ചെയ്തു വിൽക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വസ്തുക്കളുടെ മതിപ്പ് വില കണക്കാക്കിയ സർവ്വേ റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

## 1-31 ഒഴിഞ്ഞ ടാർ ബാരലിന്റെ ജി എസ് ടി ഒടുക്ക് വിവരം ലഭ്യമാക്കേണ്ടത്

അസിസ്റ്റന്റ് എഞ്ചിനീയർ, 2020-21 വർഷം ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ ജി എസ് ടി സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് (799013000000374) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. സർക്കുലർ നം. 59827/എഫ്.എം. /07/ തസ്വഭവ തീയതി 30-10-2007 പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ ജി എസ് ടി വകുപ്പിൽ അടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കാലി ടാർ ബാരലിന്റെ ജി എസ് ടി ഒടുക്ക് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/12.1.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി. ഇനത്തിൽ ഈടാക്കിയ തുക ജി.എസ്.ടി. വകുപ്പിൽ അടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-32 തില്ലങ്കേരി ടൗണിലെ പൊതു ശൗചാലയത്തിന് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ /പേര് | 152/21 തില്ലങ്കേരി ടൗണിലെ പൊതു ശൗചാലയത്തിന് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും |
| അടങ്കൽ | 150000 (ധനകാര്യ കമ്മിഷൻ ഗ്രാന്റ് ) |

| | |
|---|---|
| ചെലവ് | 150000( ധനകാര്യ കമ്മിഷൻ ഗ്രാന്റ് ) |
| ബിൽ നമ്പർ, തീയതി, തുക | 202206520101010885539,15.2.21 ₹51000<br>202206520101014160030,29.3.21 ₹99000 |

തില്ലങ്കേരി ടൗണിലെ പൊതു ശൗചാലയത്തിന് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് കുഴൽകിണർ നിർമ്മിക്കുന്നതിന് 100000രൂപയും മോട്ടോർ ,പ്ലമ്പിംഗ് എന്നീ ജോലികൾക്കായി 50000രൂപയും ഉൾപ്പെടെ ₹ 150000 രൂപ ഭൂജലവകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട് .

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നമ്പർ11/2018/തസ്വഭവ , തീയതി-29.01.2018 ഖ11 (ഡി) (ii) പ്രകാരം തദ്ദേശഭരണ സ്ഥാപനം ഭൂജലവകുപ്പുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമെ തുക മുൻകൂർ നൽകാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മേൽ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഭൂജലവകുപ്പുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല .

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/17.1.2022) ലഭിച്ച മറുപടിയിൽ ഭൂജലവകുപ്പിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് .

## 1-33 പട്ടിക ജാതിക്കാർക്ക് ലാപ്പ് ടോപ്പ് - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 17/21 |
| അടങ്കൽ | 63350 വികസന ഫണ്ട് (പൊതുവിഭാഗം)<br>161078 വികസന ഫണ്ട് – എസ് സി പി |
| ആകെ അടങ്കൽ | 224428 |
| ചെലവ് | 113616 എസ് സി പി ഫണ്ട് |
| ബിൽ നമ്പർ,തീയതി | 20220652010201149854, 25.02.2021 |

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 4 വിദ്യാർത്ഥികൾക്ക് Keltron ൽ നിന്നും ലാപ്പ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നമ്പർ -ITP/05207/21-22 , 21.09.21)

ഇതിൽ ലാപ്പ് ടോപ്പ് കൈപ്പറ്റിയ അബിന. സി, അബിന നിവാസ്, മാമ്പറം, തില്ലങ്കേരി എന്ന വിദ്യാർത്ഥിനിയെ 12.3.21 ലെ 4/79/ 21(14) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം അംഗീകരിച്ചതല്ലാതെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/11.1.22) ലഭിച്ച മറുപടിയിൽ കോവിഡ് സാഹചര്യത്തിൽ ഗ്രാമസഭകൾ നടക്കാതിരുന്നതിനാൽ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല എന്നും അടുത്ത് നടക്കുന്ന ഗ്രാമസഭയിൽ ഗുണഭോക്താവിനെ അംഗീകരിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ(കൈ)നം11/2018/തസ്വഭവ, തീയതി.29.1.2018) 11.3(15) പ്രകാരം ഒഴിവായിപ്പോയ അർഹരെ കൂട്ടിചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയാകണം എന്ന് പ്രതിപാദിക്കുന്നുണ്ട്. ഗ്രാമസഭ അംഗീകരിച്ച മിനുട്ട്സിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

## 1-34 മരുന്ന് വാങ്ങൽ - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല 400000

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി ) |
| പ്രൊജക്ട് നമ്പർ /പേര് | 24/21 എഫ് എച്ച് സി ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 400000 (മെയിന്റനൻസ് ഫണ്ട് )റോഡിതരം |
| ചെലവ് | 400000 (മെയിന്റനൻസ് ഫണ്ട്) റോഡിതരം |
| ബിൽ നമ്പർ,തീയതി | 20220652010400952918,20.1.21 ₹400000 |

പ്രഫോർമ ഇൻവോയ്സ് നമ്പർ PRF3775/03.12.20പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മേൽ കാണിച്ച ബിൽ പ്രകാരം ₹ 400000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

ജി.ഒ.(എം.എസ്) 22/2018 തസ്വഭവ തീയതി 14.02.2018 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 07.05.03പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന വാങ്ങാൻ തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെയാണ് മുൻകൂർ തുക നൽകിയത് .

മരുന്ന് ലഭ്യമായതിന്റെ വിവരം , മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ഈ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം – 26/17.1.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. മരുന്ന് ലഭിക്കുന്ന മുറക്ക് ഒറിജിനൽ ഇൻവോയ്സിൽ എൻട്രി വരുത്തി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. മേൽ കാരണങ്ങളാൽ 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 ഹോമിയോ മരുന്ന് വാങ്ങൽ - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി ) |
| പ്രൊജക്ട് നമ്പർ /പേര് | 54/21 ഹോമിയോ മരുന്ന് വാങ്ങൽ |
| അടങ്കൽ | 50,000 (മെയിന്റെനൻസ് ഫണ്ട് ) റോഡിതരം |
| ചെലവ് | 50000 (മെയിന്റെനൻസ് ഫണ്ട്) റോഡിതരം |
| ബിൽ നമ്പർ,തീയതി | 20220652010400952926, 17.2.21 ₹50,000 |

മേൽ പറഞ്ഞ ബിൽ പ്രകാരം മാറിയ തുക ഹോംകോ എന്ന സ്ഥാപനത്തിന് ₹ 50000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഹോംകോ സമർപ്പിച്ച പ്രഫോർമ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല .

1. പ്രഫോർമ ഇൻവോയ്സ് ലഭ്യമാക്കാതെ തുക മുൻകൂർ നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല .

2.ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല .

3. മരുന്ന് ലഭിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല .

4. സ്റ്റോക്ക് രജിസ്റ്റർ , പദ്ധതി വിലയിരുത്തിയതിന്റെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/17.1.22). മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ യിലെ (സ.ഉ(കൈ)നം22/2018/തസ്വഭവ,തീയതി.14.2.2018) 7.5.3 പ്രകാരം

ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്ന് വാങ്ങാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നു. മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാത്തതിനു മറുപടി ലഭ്യമാക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറക്ക് ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി വരുത്തി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി.25/17.1.22). രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ 50000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ തില്ലങ്കേരി ഗ്രാമപഞ്ചായത്ത് |
| പ്രൊജക്റ്റ് നമ്പർ / പേര് | 27/20-21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹ 9,00,000<br>(₹4,50,000- വികസന ഫണ്ട്<br>2,25,000-ബ്ലോക്ക്പഞ്ചായത്ത് വിഹിതം<br>2,25,000 - ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | ₹3,76,000ബിൽ നമ്പർ / തീയ്യതി : 07/20-21/06.02.2020<br>₹74,000ബിൽ നമ്പർ / തീയ്യതി : 09/20-21/12.03.2021<br>₹2,25,000 ബിൽ നമ്പർ / തീയ്യതി : 08/20-21 തീയതി 24.02.2021<br>ആകെ ₹ 6,75,000 |

പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

1) ചുവടെ ചേർത്ത വിദ്യാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറും തുക കൈമാറിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറും വ്യത്യസ്തമാണ്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ | തുക കൈമാറിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | അനാമിക റഷീദ് | 40514101029136 (KLGB) | 673000279223 (SBI) |
| 2 | മുഹമ്മദ് സഹൻ.സി | 67391326530(SBI) | 40514101010934 (KLGB) |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(18/14.01.22) അങ്കണവാടി വർക്കർമാർ മുഖേന മേൽപ്പറഞ്ഞവർക്ക് തുക ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. മറുപടി തൃപ്തികരമല്ല. മേൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തന്നെയാണ് തുക കൈമാറിയതെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

2) മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വാർഷികമായി വസ്ത്രങ്ങൾക്ക് ₹1500 യും യാത്രാബത്ത ഇനത്തിൽ ₹12000 യും നൽകാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ഏതൊക്കെ ഇനങ്ങളിലാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിൽനിന്നും വ്യക്തമാകാത്തതിനാൽ അർഹതപ്പെട്ട യാത്രാ ബത്തയും യൂണിഫോം അലവൻസും വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.മാർഗ്ഗരേഖ പ്രകാരം സർക്കാർ നിശ്ചയിച്ചതിലും കുറഞ്ഞ തുക വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ വരും വർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് അനുവദനീയമായ ആനുകൂല്യം പൂർണ്ണമായി

നൽകുവാനായി ഗ്രാമപഞ്ചായത്ത് മതിയായ ഫണ്ട് മാറ്റി വയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-37 കളരി പരിശീലനം -രേഖകൾ ഹാജരാക്കാത്തതിനാൽ ₹1,04,000തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് | കുട്ടികൾക്ക് കളരി പരിശീലനം -(സ്പിൽ ഓവർ) |
| പ്രോജക്ട്&നം | 103/21 |
| അടങ്കൽ | 1,52,000വികസന ഫണ്ട്പൊതു വിഭാഗം -സാധാരണ വിഹിതം |
| ചെലവ് | 1,04,000 |
| ബിൽ നം &തീയതി | 6/19.5.2020 |

80കുട്ടികൾക്ക് 80ദിവസം 2 ബാച്ചായി, കളരി പരിശീലനം നൽകിയ വകയിൽ ₹ 32,000 കളരി പരിശീലകനും, കുട്ടികൾക്ക് പാലും മുട്ടയും നൽകിയ വകയിൽ കുടുംബശ്രീക്ക് 64,000രൂപയും കളരി പ്രദർശനത്തിനായി 8,000രൂപയും ഉൾപ്പെടെ 1,04,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു.

1-- പരിശീലകൻ ശ്രീ.നാണു കല്ലിക്കണ്ടിയും നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിൽ കരാർ വച്ചിട്ടില്ല .

2- കുട്ടികളുടെ ഹാജർ പട്ടിക പരിശീലകൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല

3-കളരി പ്രദർശനം നടത്തിയതിന്റെ വിശദമായ രേഖകൾ ( നടത്തിയ ദിവസം ,സ്ഥലം , പ്രദർശനത്തിന്റെ നോട്ടീസ് , ഫോട്ടോ ) ഹാജരാക്കിയിട്ടില്ല

4- വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല .

ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/11/1/2022 ) മറുപടി നൽകിയിട്ടില്ല . അതിനാൽ ₹ 1,04,000 തടസ്സപ്പെടുത്തുന്നു

## 1-38 തുല്യത പരീക്ഷയുടെ രേഖകൾ ഹാജരാക്കേണ്ടതും തുടർപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് | തുല്യത പരീക്ഷ പഠന സഹായം |
| പ്രോജക്ട്&നം | 74/21 |
| അടങ്കൽ | 35,000 വികസന ഫണ്ട്പൊതു വിഭാഗം -സാധാരണ വിഹിതം |
| ചെലവ് | 34,250 |
| ബിൽ നം &തീയതി | 2/5.3.2021 |

പത്താം തരം, ഹയർ സെക്കണ്ടറി പഠിതാക്കൾക്കുള്ള തുല്യത പരീക്ഷ പഠന സഹായത്തിന് വേണ്ടി ₹ 34,250കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു

| കോഴ്സ് | പഠിതാക്കളുടെ എണ്ണം | കോഴ്സ് ഫീ | തുക |
|---|---|---|---|
| പത്താം തരം | 7 | @ 1750 | 12,250 |
| ഒന്നാം- ഹയർ സെക്കണ്ടറി | 8 | @ 2200 | 17,600 |
| രണ്ടാം -ഹയർ സെക്കണ്ടറി | 2 | @ 2200 | 4,400 |
| ആകെ | | | 34,250 |

പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, പരീക്ഷ നടത്തിപ്പിന്റെയും വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/11.1.2022 ) പഠിതാക്കൾ കോഴ്സ് പൂർത്തീകരിക്കുകയോ, പരീക്ഷ നടക്കുകയോ ചെയ്തിട്ടില്ല എന്നും, കോഴ്സ് പൂർത്തീകരിച്ചതിന് ശേഷം സർട്ടിഫിക്കറ്റ് വാങ്ങി വക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-39 ജി എസ് ടി ടാക്സ് ഇൻവോയിസ് ലഭ്യമാക്കേണ്ടതാണ്

കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ നമ്പർ 20 /17 ഇൻറഗ്രേറ്റഡ് ടാക്സ് (റേറ്റ്) തീയതി 22 /8 /17 പ്രകാരം ഗവൺമെന്റുമായി ബന്ധപ്പെട്ടു നടക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 12% ജി എസ് ടി ചുമത്താവുന്നതാണ്. 2017-ലെ ജി.എസ്.ടി. കേന്ദ്ര നിയമം ഖണ്ഡിക 31(2) പ്രകാരം എല്ലാ സേവന പ്രവൃത്തികൾക്കും നിയമാനുസൃത ജി.എസ്.ടി. അടവുവരുത്തിയാൽ ടാക്സ് ഇൻവോയ്സ് ലഭ്യമാകുന്നതാണ്. 2.5 ലക്ഷത്തിന് മുകളിൽ പ്രവൃത്തി മൂല്യം വരുന്ന കരാർ പ്രവൃത്തികളിൽ ഉറവിടത്തിൽ നിന്നും ജി.എസ്.ടി. കുറവ് വരുത്തുന്നതുമൂലം കരാറുകാരൻ മുഴുവൻ ജി.എസ്.ടി.-യും ഒടുക്കാമെന്ന് ഉറപ്പ് വരുത്താൻ കഴിയും. എന്നാൽ ഉറവിടത്തിൽ നിന്നും നികുതി കുറവ് ചെയ്യേണ്ടതില്ലാത്ത 2.5 ലക്ഷത്തിൽ താഴെയുള്ള പ്രവൃത്തികളിലും 12% ജി.എസ്.ടി. അനുവദിക്കുന്നതിനാൽ ജി.എസ്.ടി.യുടെ ഒടുക്ക് ഉറപ്പ് വരുത്തുവാൻ ടാക്സ് ഇൻവോയ്സ് ഹാജരാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ആയത് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ബിൽ തുക | ജി എസ് ടി | കരാറുകാരന്റെ പേര് |
|---|---|---|---|---|---|
| 1 | 123/20 | ആലയാട് സ്കൂൾ കുണ്ടരിഞ്ഞാൽ ശങ്കരൻ കണ്ടി റോഡ് ഡ്രെയിനേജ് നിർമാണം | 178556/65 | 21426 (12%) | രാജീവ് തോമസ് |
| 2 | 80/20 | കണ്ണിരിട്ടി അംഗൻവാടി റിപ്പയർ | 129845/26 | 15581/43 (12%) | സുരേഷ് ബാബു |

മേൽ പ്രവൃത്തികളുടെ ജി.എസ്.ടി. ടാക്സ് ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2020-21 | 13.1.2022,14.1.2022 | കെ.എസ്.എ/കെ.എൻ.ആർ /സി.10 /105/22 തീയതി: 11.03.2022 |

## 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ചഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2020-21 | 382500 | തരിശു രഹിത ഗ്രാമം -സമഗ്രനെൽകൃഷി വികസനം -19/21 | 382500 | 0 |
| ഇരിട്ടി ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 2020-21 | 367041 | ക്ഷീര കകർഷകർക്ക് പാലുത്പാദന ഇൻസെന്റീവ് 87/21 | 367041 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2020-21 | 97964 | ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം 156/251 | 97964 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2020-21 | 225000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും – 27/21 | 225000 | 0 |
| ഇരിട്ടി ബ്ലോക്ക്പഞ്ചായത്ത് വിഹിതം | | | ലൈഫ് ഭവന പദ്ധതി -രണ്ടാം ഘട്ടം ഭവന പൂർത്തീകരണം 132/21 | 80,000 (മുന്നിരിപ്പ് തുകയിൽ നിന്നും ചെലവഴിച്ചത്) | 4000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | പള്ള്യം വയോജന വിശ്രമമന്ദിരം നിർമ്മാണം -123/21 | 66047<br><br>(മുന്നിരിപ്പ് തുകയിൽ നിന്നും ചെലവഴിച്ചത്) | 433953 |
| ഇരിട്ടി ബ്ലോക്ക്പഞ്ചായത്ത് വിഹിതം | | | ആധുനിക ഗ്യാസ് ശ്മശാനത്തിന് അനുബന്ധ സൗകര്യങ്ങൾ- 128/21 | 10,00,000 (മുന്നിരിപ്പ് തുകയിൽ നിന്ന് ചെലവഴിച്ചത്) | 0 |
| ഇരിട്ടി ബ്ലോക്ക്പഞ്ചായത്ത് വിഹിതം | | | വയോജന വിശ്രമകേന്ദ്രം അറ്റകുറ്റപണി- 134/21 | 142074<br><br>(മുന്നിരിപ്പ് തുകയിൽ നിന്നും ചെലവഴിച്ചത്) | 523700 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | പൊതുശ്മശാനം അടിസ്ഥാന സൗകര്യ വികസനം-67/21 | 1,76,435 | |

| | | | | | |
|---|---|---|---|---|---|
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | ശ്മശാന നിർമ്മാണം -94/21 | 8,10,474 | |
| കണ്ണൂർ ജില്ലപഞ്ചായത്ത് വിഹിതം | 2020-21 | 70000 | തരിശു രഹിത ഗ്രാമം – സമഗ്ര നെൽകൃഷി വികസനം -97/21 | 70,000 | 0 |
| കണ്ണൂർ ജില്ല പഞ്ചായത്ത് വിഹിതം | 2020-21 | 44200 | കരനെൽകൃഷിയ്ക്ക് ധന സഹായം 154/21 | 44200 | 0 |
| കണ്ണൂർ ജില്ല പഞ്ചായത്ത് വിഹിതം | 2020-21 | 129100 | ജന സൗഖ്യ പാലിയേറ്റീവ് പരിചരണ പരിപാടി --100/21 | 129100 | 0 |
| കണ്ണൂർ ജില്ല പഞ്ചായത്ത് വിഹിതം | 2020-21 | 216400 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം -96/21 | 2,16,400 | 0 |
| കണ്ണൂർ ജില്ല പഞ്ചായത്ത് വിഹിതം | 2020-21 | 442230 | ആധുനിക ഗ്യാസ് ശ്മശാനത്തിന് അനുബന്ധ സൗകര്യങ്ങൾ – 128/21 | 442230 | 0 |
| കണ്ണൂർ ജില്ല പഞ്ചായത്ത് വിഹിതം | 2020-21 | 262500 | ആശ്രയ അഗതി രഹിത കേർളം പദ്ധതി – 104/21 | 262500 | 0 |
| കണ്ണൂർ ജില്ല പഞ്ചായത്ത് വിഹിതം | | | പൊതുശ്മശാനം അടിസ്ഥാന സൗകര്യ വികസനം – 67/21 | 500000 (മുന്നിരിപ്പ് തുകയിൽ നിന്ന് ചെലവഴിച്ചത്) | 0 |
| കണ്ണൂർ ജില്ല പഞ്ചായത്ത് വിഹിതം | | | ശ്മശാന നിർമ്മാണം – 94/21 | 20261 (മുന്നിരിപ്പ് തുകയിൽ നിന്ന് ചെലവഴിച്ചത്) | 0 |

സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. പൊതുശ്മശാനം അടിസ്ഥാന സൗകര്യ വികസനം (പ്രോ.നം. 67/21) എന്ന പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും 176435 രൂപയും, ശ്മശാന നിർമ്മാണം (പ്രോ.നം. 94/21) എന്ന പ്രോജക്ടിനായി 810474 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ഈ വർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടുകളുടെ മുന്നിരിപ്പ് എത്രയാണെന്ന് ലഭ്യമായിട്ടില്ല. ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച തുകയുടേയും ചെലവഴിച്ച തുകയുടേയും, നീക്കിയിരിപ്പിന്റേയും കൃത്യമായ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. സംയുക്ത പ്രോജക്ടിനത്തിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക വിനിയോഗിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർനം & തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | ചെലവായ തുക | |
|---|---|---|---|---|---|
| K W A | തില്ലങ്കേരി ടൗണിലെ പൊതു ശൗചാലയത്തിന് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും -152/21 | 1-202206520101010885539 Dt 15.2.2021<br>2-202206520101014160 30 Dt 29.3.2021 | 1-51,000<br>2-99,000 | | 1-51,000<br>2-99,000 |

## 4-4 മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ ലഭിച്ച വരവിന്റേയും ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിയ്ക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെകൊടുക്കുന്നു

| വായ്പ ഇനം | ലഭിച്ച തുക | ഉത്തരവ് | മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായതുക | ക്രമീകരിച്ച തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ-ലൈഫ് മിഷൻ | 2,80,000 | (ഉത്തരവ് ലഭിച്ചിട്ടില്ല ) | 71,25,609 | 4,97,334 | | 69,08,275 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ്റിക്കവറി

ഇല്ല

## 4-8 സമാഹൃതഓഡിറ്റ്റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതഓഡിറ്റ്റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,29,05,555.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,70,11,721.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,83,842 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 1059842 | ശ്രീമതി.രാജശ്രീ.എസ് ( കൃഷി ഓഫീസർ ) |
| 1-26 | 70,000 | ശ്രീമതി അനുപമ കെ., കൃഷി ഓഫീസർ |
| 1-34 | 4,00,000 | ഡോ.ചസ്മ (മെഡിക്കൽ ഓഫീസർ-പി.എച്ച്.സി ) |
| 1-35 | 50,000 | ഡോ.ചസ്മ(മെഡിക്കൽ ഓഫീസർ- പി.എച്ച്.സി. |
| 1-37 | 104000 | ശ്രീ.മനോഹരൻ കോളപ്രത്ത് (ഹെഡ്മാസ്റ്റർ ) |
| ആകെ | 16,83,842 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ഡോ.ചസ്മ (മെഡിക്കൽ ഓഫീസർ-എഫ് എച്ച് സി ) | മെഡിക്കൽ ഓഫീസർ -എഫ് എച്ച് സി , തില്ലങ്കേരി | ഗ്രീഫിൻ,വായന്തോട്,മട്ടന്നൂർ |
| ശ്രീമതി.രാജശ്രീ.എസ് ( കൃഷി ഓഫീസർ ) | കൃഷിഓഫീസർ -അവധിയിൽ | പടിഞ്ഞാറെ ഉള്ളാട്ടിൽ ഹൗസ്, മണക്കാട്(പി ഒ), തൊടുപുഴ,ഇടുക്കി |
| മനോഹരൻ കോളപ്രത്ത് | വിരമിച്ചു | അനന്തോത്ത് ഹൗസ്, കാനാട്,എടയൂർ(പിഒ) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2003-04 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /727/2019 തീ.04.06.2019 | 1 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /727/2019 തീ.04.06.2019 | 4 |
| 2008-09 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /727/2019 തീ.04.06.2019 | 3 |
| 2009-10 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /727/2019 തീ.04.06.2019 | 3 |
| 2010-11 2011-12 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /727/2019 തീ.04.06.2019 | 7 |
| 2012-13 2013-14 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /727/2019 തീ.04.06.2019 | 1 |
| 2014-15 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /727/2019 തീ.04.06.2019 | 4 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /727/2019 തീ.04.06.2019 | 6 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1642/2017 തീ.13.10.2017 | 4 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /636/2019 തീ.05.07.2019 | 5 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /750/2021 തീ.25.11.2021 | 8 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /104/2022 തീയതി: 02.03.2022 | 18 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annex3-1

റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

| Thillankeri Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10801493.30 |
| Cash | Cash | RP-40(a) | 3782.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 489970.00 |
| 140000000 | Fees & User Charges | RP-4 | 354229.00 |
| 150000000 | Sale & Hire Charges | RP-5 | 54242.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 34546525.00 |
| 171000000 | Interest Earned | RP-9 | 97000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4599121.00 |
| 350000000 | Other Liabilities | RP-36 | 130341.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 9.00 |
| 311000000 | Earmarked Funds | RP-29 | 3337.00 |
| 330000000 | Secured Loans | RP-32 | 280000.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 245516.00 |
| 350000000 | Other Liabilities | RP-36 | 106824.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2000441.00 |
| | Grand total | | 53712830.30 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2594329.00 |
| 220000000 | Administrative Expenses | RP-12 | 523539.00 |
| 230000000 | Operations & Maintenance | RP-13 | 348520.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3207883.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 9740680.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2525327.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1420000.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 845000.00 |
| 255000000 | Maintenance Projects | RP-20 | 6103268.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 34238.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 3164.00 |
| 280000000 | Prior Period item | RP-26 | -67343.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 708154.00 |
| 350000000 | Other Liabilities | RP-36 | 4392609.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 7717.00 |
| 311000000 | Earmarked Funds | RP-29 | 3619.00 |
| 340000000 | Deposits Received | RP-34 | 195800.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 1422217.00 |
| 410000000 | Fixed Assets | RP-38 | 5005895.00 |
| 412000000 | Capital work in Progress | RP-40 | 5050979.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1669884.00 |
| 460000000 | Loans, Advances and Deposits | RP-47 | 1276242.00 |
| 480000000 | Miscellaneous Expenditure to be written off | RP-50 | 0.0 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6674430.30 |
| Cash | Cash | RP-40(b) | 26679.00 |
| | Grand Total | | 53712830.30 |

## Annex3-2

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Thillankeri Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2336258.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 40000.00 |
| 140000000 | Fee & User Charges | I-4(b) | 457529.00 |
| 150000000 | Sale & Hire Charges | I-5(b) | 54242.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 141533569.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 97000.00 |
| 180000000 | Other Income | I-9 | 9.00 |
| | Total Income | | 144518607.00 |
| | EXPENDITURE | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10(b) | 9094091.00 |
| 220000000 | Administrative Expenses | I-11(b) | 558807.00 |
| 230000000 | Operations & Maintenance | I-12(b) | 348520.00 |
| 240000000 | Interest & Finance Charges | I-13 | 7717.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3207883.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 72625061.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2525327.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1420000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 36647300.00 |
| 255000000 | Maintenance Projects | I-14(e) | 6842976.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 34238.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 3164.00 |
| 270000000 | Provisions and Write off | I-16 | 880.00 |
| 272000000 | Depreciation | I-17(a) | 5866021.00 |
| | Total Expenditure | | 139181985.00 |
| | Gross Surplus/ Deficit of income over Expenditure | | 5336622.00 |
| 280000000 | Prior Period Item | I-18 | -575646.00 |
| | Gross surplus/deficit of income over expenditure after [ropr [eropd ote, | | 5912268 |

## Annex3-3

## ബാലൻസ് ഷീറ്റ്

| |
|---|
| Thillankeri Grama Panchayat BALANCE SHEET |

| For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -2456015.20 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 105633.00 |
| 312000000 | Reserves | B-3 | 35814403.00 |
| | Total Reserve & Surplus | | 33464020.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5015477.50 |
| | Total Grants, Contributions for Specific Purposes | | 5015477.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 6908275.00 |
| | Total Loans | | 6908275.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 394476.00 |
| 350000000 | Other Liabilities | B-9 | 1758421.00 |
| | Total Current Liabilities and Provisions | | 2152897.00 |
| | TOTAL LIABILITIES | | 47540670.30 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 59288805.00 |
| 411000000 | Accumulated Depreciation | B-11 | -22618023.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 1787856.00 |
| | Total Fixed Assets | | 38458638.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1691369.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 6701109.30 |
| 460000000 | Loans, Advances and Deposits | B-18 | 689554.00 |
| | Total Current Assets, Loans and Advances | | 9082032.30 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 47540670.30 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.